**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 271** **22-02-2022 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിൽ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ കംപ്യൂട്ടർ നെറ്റ് വർക്കിൽ നിന്നും ഫയലുകൾ മായിച്ചു കളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലുകൾ വീണ്ടെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കംപ്യൂട്ടർ നെറ്റ് വർക്കിൽ നിന്നും ഫയലുകൾ നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ ലാപ് ടോപ്പിൽ നിന്നും ഫയലുകൾ മായ്ച്ചു കളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഫയലുകൾ വീണ്ടെടുത്തിട്ടുണ്ട്. |
| (സി) | ഹീമോഫീലിയ മരുന്നുകൾ മോഷ്ടിക്കപ്പെട്ട സംഭവത്തിന് കാരണമായവർക്കെതിരെയും കോവിഡ്കാല മരുന്നുകൾ വാങ്ങിയതിൽ വീഴ്ച വരുത്തിയവർക്കുമെതിരെയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഹീമോഫീലിയ മരുന്നുകൾ കാണാതായ സംഭവത്തിൽ സംസ്ഥാന വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കരാർ ജീവനക്കാരായിരുന്ന ശ്രീ സജിത്.യു (ഡെപ്യൂട്ടി മാനേജർ, കാരുണ്യ പർച്ചേസ് വിഭാഗം), ശ്രീ.സാൽജി എസ് (ഡെപ്യൂട്ടി മാനേജർ, കാരുണ്യ സെയിൽസ് വിഭാഗം), ശ്രീമതി ഷെർളി പി.ഡി (മുൻ ഡിപ്പോ ഇൻചാർജ്) എന്നിവർ ആരോപണ വിധേയരായിരുന്നു. Factor IX ഇനത്തിൽപ്പെട്ട 11 ബോട്ടിൽ മരുന്ന് കാണാതായതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടമായ 1,25,400/- രൂപ മേൽ പരാമർശിച്ചവരിൽ നിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥരുടെ കരാർ വീണ്ടും പുതുക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ത്വരിതാന്വേഷണ റിപ്പോർട്ടിൽ വിജിലൻസ് ഡയറക്ടർ ആരോഗ്യ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിക്ക് ശുപാർശ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനുണ്ടായ നഷ്ടമായ 1,25,400/- രൂപ വിഭജിച്ച് 55,790/- രൂപ ശ്രീ സജിത് യു-വിന്റെ പക്കൽ നിന്നും, 38,874/- രൂപ ശ്രീ സാൽജി എസ് ന്റെ പക്കൽ നിന്നും 30,736/- രൂപ ശ്രീമതി |

| | | | |
|---|---|---|---|
| | | | ഷെർളിയുടെ പക്കൽ നിന്നും ഈടാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഉത്തരവിട്ടിരുന്നു. അതിൽ ശ്രീ സജിത് യു, ശ്രീമതി ഷെർളി പി.ഡി തുടങ്ങിയവർ തുക തിരിച്ചടച്ചിട്ടുള്ളതാണ്. ശ്രീ.സാൽജി എസ് തുക ഒടുക്കാത്തതിനെത്തുടർന്ന് ടിയാനെതിരെ സ്വീകരിച്ച നടപടിയ്ക്കെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ (ഇൻസ്പെക്ഷൻ) വിഭാഗത്തിന്റെ പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ